"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി സംസ്ഥാന-ജില്ലാതലങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയേറ്റ് സംവിധാനങ്ങളുടെ കാലാവധി ദീർഘിപിച്ചും അതിൽ നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെയും സേവന കാലാവധി ദീർഘിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2109/2025/LSGD തീയതി,തിരുവനന്തപുരം, 25-08-2025

---

പരാമർശം:-
1. സ.ഉ(സാധാ) നം..1844/2024/LSGD തിയതി, 03/10/2024
2. സ.ഉ(സാധാ) നം. 69/2025/LSGD തിയതി, 07/01/2025
3. സർക്കുലർ നമ്പർ WM3/267/2025-LSGD തിയതി, 21-08-2025

**<u>ഉത്തരവ്</u>**

2024 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ ആരംഭിച്ച് 2025 മാർച്ച് 30 അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനത്തിൽ അവസാനിക്കുന്ന വിധത്തിൽ മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾ പരാമർശം (1) പ്രകാരം നടത്തിയിരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾക്കായി പാരാമർശം (2) പ്രകാരം സംസ്ഥാന- ജില്ലാതലങ്ങളിൽ വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയേറ്റുകൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയറ്റുകളുടെ കാലാവധി 2025 മാർച്ച് 30-ന് അവസാനിച്ചിരുന്നു.

മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ സമാപനത്തോടനുബന്ധിച്ച് നടന്ന 'വൃത്തി 2025' കോൺക്ലേവിന്റെ സമാപന സമ്മേളനത്തിൽ വച്ച് മാലിന്യസംസ്കരണ രംഗത്തെ തുടർപ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള വിഷൻ ഡോക്യുമെന്റ് ബഹു. ഗവർണർ പ്രകാശനം ചെയ്തു. 2025-26 വർഷത്തെ മാലിന്യ മുക്ത പ്രവർത്തന മാർഗ്ഗരേഖ അടങ്ങുന്ന പ്രസ്തുത വിഷൻ ഡോക്യുമെന്റിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായും പരാമർശം (3) പ്രകാരമുള്ള, 2025-26 വർഷത്തെ പ്രവർത്തനങ്ങൾക്കായും പരാമർശം (2) പ്രകാരം രൂപീകരിച്ച സംസ്ഥാന- ജില്ലാതല സെക്രട്ടേറിയറ്റുകൾ തുടർന്ന് പോകേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ആദ്യ രണ്ട് ഘട്ടങ്ങളിലെ പ്രവർത്തനങ്ങളിലെ വിടവുകൾ പരിഹരിക്കുന്നതിനും, 2025-26 വർഷത്തെ പ്രവർത്തനങ്ങളും വിഷൻ ഡോക്യുമെന്റിന്റെ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി പരാമർശം(2) പ്രകാരമുള്ള സംസ്ഥാന, ജില്ലാതല വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയറ്റുകളുടെ കാലാവധിയും അതിൽ നിയോഗിച്ചിരിക്കുന്ന ജീവനക്കാരുടെ സേവന കാലാവധിയും 2025 മാർച്ച് 31 മുതൽ 2026 മാർച്ച് 31 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ, കില
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
ഡയറക്ടർ(I&PRD), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Manish V V
Date: 26-08-2025 12:41:48

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്